

# സ്വലാഹ് അബ്ദ് അൽ സ്വബൂർ

(1931-1981)



അറബിക്കിൽ നിന്ന് വിവർത്തനം

## എൻ. ഷംനാദ്

വിഖ്യാത ഈജിപ്ഷ്യൻ അറബി കവി, നാടകകൃത്ത്, നിരൂപകൻ, പത്രപ്രവർത്തകൻ. സമകാലിക അറബി കവിതയിലെ വേറിട്ട ശബ്ദമായിരുന്ന സ്വലാഹ് അബ്ദ് അൽ സ്വബൂർ. പരീക്ഷണാത്മക കവിതയിലൂടെ ഈജിപ്ഷ്യൻ സാഹിത്യ ലോകത്ത് ആധുനികതക്ക് തുടക്കം കുറിക്കാൻ ശ്രമിച്ച കൃതികളുടെ രചയിതാവായിരുന്ന സ്വലാഹ് അബ്ദ് അൽ സ്വബൂർ. 'അന്നാസു ഫീ ബിലാദീ' (എന്റെ നാട്ടിലെ ആളുകൾ) എന്ന ആദ്യ കവിതാ സമാഹാരം (1957) അതിനു മുമ്പും ശേഷവുമുള്ള ഈജിപ്ഷ്യൻ കവിതകളെ വേർതിരിക്കുന്നുണ്ട്. സാമൂഹികവും രാഷ്ട്രീയവുമായ പ്രതിബദ്ധതാവാദത്തിൽ ഊന്നിയ കൃതികളിലൂടെ ചൂഷണങ്ങൾക്കെതിരെ തൂലിക പ്രയോഗിക്കുകയായിരുന്നു അദ്ദേഹം. അതേസമയം തന്നെ കാൽപ്പനികതയുടെ പിടിയിൽ അമർന്നിരിക്കാനും ആ കവിതകൾക്ക് ഇഷ്ടമായിരുന്നു. അറബികാവ്യ നാടക ശാഖയിൽ രചിക്കപ്പെട്ട കൃതികളിലൂടെയായിരുന്നു സ്വലാഹ് അബ്ദ് അൽ സ്വബൂർ കൂടുതൽ പ്രശസ്തനായത്. എന്നാൽ കൂടുതൽ പ്രതീകാത്മകമായിരുന്നു ആ നാടകങ്ങൾ. മധ്യകാല സൂഫിവര്യൻ ഹല്ലാജിന്റെ കഥ പറയുന്ന 'മഅ്സാത് അൽ ഹല്ലാജ്' (1964) എന്ന കാവ്യനാടകത്തിൽ ടിഎസ് ഏലിയറ്റിന്റെ മർഡർ ഇൻ കത്തീഡ്രലിന്റെ സ്വാധീനം പ്രകടമാണ്. 'മുസാഫിർ അൽ ലൈൽ' (1969), 'അൽ അമീറ തൻ തദീർ' (1971), 'ബഅ്ദ അൽ യമൂത്തു അൽ മലിക്' (1973), തുടങ്ങിയ കൃതികളിലാകട്ടെ തിയറ്റർ ഓഫ് ദി അബ്സർഡ് പ്രസ്ഥാനത്തിന്റെ അലയൊലികൾ കാണാം. സ്വലാഹ് അബ്ദ് അൽ സ്വബൂറിന്റെ കവിതകളായാലും കാവ്യ നാടകങ്ങളായാലും അവയിലൊക്കെ നിറഞ്ഞുനിൽക്കുന്നത് സ്വാതന്ത്ര്യത്തിനും നീതിക്കും മനുഷ്യാവശ്യങ്ങൾക്കുമായുള്ള മുറവിളികളാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ അറുപതുകളിലും എഴുപതുകളിലും അറബ് ദേശങ്ങളിലാകെ അലയടിച്ച സോഷ്യലിസ്റ്റ് അറബ് ദേശീയതാ രാഷ്ട്രീയത്തിന്റെ സന്തതിയായിരുന്നു സ്വലാഹ് അബ്ദ് അൽ സ്വബൂറിന്റെ സൃഷ്ടികളെന്നുതന്നെ പറയാം

## എന്റെ നാട്ടിലെ ആളുകൾ

എന്റെ നാട്ടിലെ ആളുകൾ പ്രാപ്പിടിയന്മാരെപ്പോലെ രൗദ്രരാണ്
കറ്റിക്കാടിനുള്ളിലെ ശൈത്യകാല വിറയൽ പോലെയാണ് അവരുടെ ഗാനാലാപനം
തീക്കൊള്ളിയിലെ ജ്വാല കണക്കെ സീൽക്കാരമുണ്ടാക്കിയാണ് അവർ ചിരിക്കുന്നത്
മണ്ണിൽ ആഴ്ന്നിറങ്ങാൻ മോഹിച്ചാണവരുടെ നടത്തം
അവർ കൊല നടത്തും, മോഷ്ടിക്കും, കുടിക്കും, ഏമ്പക്കവും വിടും
പക്ഷെ അവർ മനുഷ്യരാണ്
രണ്ടു കൈ നിറയെ പണം സ്വന്തമാക്കുമ്പോൾ നല്ലവരാവുന്നവർ
ദൈവവിധിയിൽ വിശ്വാസമുള്ളവർ

ഗ്രാമത്തിൻ വാതിലിൽ അമ്മാവൻ മുസ്തഫ ഇരിക്കുകയാണ്
അദ്ദേഹത്തിന് മുസ്തഫയെ* ഇഷ്ടമാണ്
സായാഹ്നത്തിനും അസ്തമയത്തിനുമിടയിലെ നേരം
ചെലവിടുകയാണദ്ദേഹം

ചുറ്റും വിഷണ്ണരും നിശബ്ദരുമായി നിൽക്കുന്ന ആളുകൾ
അവർക്കായി അദ്ദേഹമൊരു കഥ പറയുന്നു
ജീവിതാനുഭവങ്ങളുടെ, ഇല്ലായ്മയുടെ
വേദന മനസിലുണർത്തുന്ന കഥ

അങ്ങനെ ആണുങ്ങൾ കരയാൻ തുടങ്ങി
ഒന്നും മിണ്ടാതെ
നിശ്ചലതയിലേക്ക് കണ്ണു മിഴിച്ച്
ശാന്തതയുടേയും ശൂന്യതയുടേയും അഗാധ ഭീതിയുടെ ആരവത്തിൽ

മനുഷ്യന്റെ കഠിനാധ്വാനത്തിന്റെ ഉദ്ദേശ്യമെന്താണ്?
ജീവിതലക്ഷ്യമെന്താണ്?

ഹേ ദൈവമേ!

സൂര്യൻ നിന്റെ ശ്രദ്ധ, ഇളംപിറ നെറ്റിത്തടം
ഈ കലുങ്ങാത്ത പർവതങ്ങൾ നിന്റെ സുദൃഢ സിംഹാസനങ്ങളും.
ദൈവമേ, നീയാണ് വിധി നടപ്പിലാക്കുന്നവൻ
ഒരുത്തൻ കോട്ടകൾ പണിതുയർത്തി ശക്തിപ്പെടുത്തി
നാലുപുര മുറികൾ മിന്നുംസ്വർണ്ണം കൊണ്ടുനിറച്ചു.

പ്രതിധ്വനികൾ ദുർബലമായ ഒരു സായാഹ്നത്തിൽ അവനെത്തേടി
അസ്റാഈൽ** വന്നു
തന്റെ രണ്ടു വിരലുകളിൽ രണ്ടു ചെറിയ കണക്കുപുസ്തകവും
പേറിക്കൊണ്ട്
അതിലെ ആദ്യത്തെ പേജ് ഈ മനുഷ്യന്റേതായിരുന്നു
അസ്റാഈൽ തന്റെ വടി നീട്ടി
(ആരു)*** എന്നീ രണ്ടക്ഷരങ്ങളുടെ നിഗൂഢതയോടെ, (ആയി) എന്ന
പദത്തിന്റെ നിഗൂഢതയോടെ
അയാളുടെ ആത്മാവ് നരകത്തിൽ കിടന്ന് വട്ടംതിരിയാൻ തുടങ്ങി
അല്ലയോ ദൈവമേ
നീ ഇത്രമാത്രം ക്രൂരനും ശൂന്യഹൃദയനുമായല്ലോ ദൈവമേ?

ഇന്നലെ ഞാനെന്റെ ഗ്രാമം കാണാൻ പോയി,
അമ്മാവൻ മുസ്തഫ മരിച്ചു പോയിരിക്കുന്നു
ആളുകൾ മണ്ണിൽ അദ്ദേഹത്തിനൊരു തലയിണയൊരുക്കി
അദ്ദേഹം കോട്ടകളൊന്നും പടുത്തുയർത്തിയിരുന്നില്ല,
(അദ്ദേഹത്തിന്റെ കുടിൽ ചുടുകട്ടകൾ നിരത്തിയതായിരുന്നു)

അദ്ദേഹത്തിന്റെ പഴയ ശവമഞ്ചത്തിന് പിന്നാലെ നീങ്ങി
അദ്ദേഹത്തെപ്പോലെ പഴയൊരു ചണക്കുപ്പായം മാത്രം
സ്വന്തമായുള്ളവർ
അവർ ദൈവത്തെ ഓർത്തില്ല,
അസ്റാഈലിനേയും, (ആയി) എന്ന അക്ഷരങ്ങളേയും
കാരണം അത് പട്ടിണിയുടെ വർഷമായിരുന്നു!

എന്റെ തോഴൻ ഖലീൽ കഴിമാടത്തിന്റെ വാതിൽക്കൽ ചെന്നുനിന്നു
അമ്മാവൻ മുസ്തഫയുടെ പേരക്കുട്ടി
തന്റെ ബലിഷ്ഠമായ കൈത്തണ്ട് ആകാശത്തേക്ക് നീട്ടിപ്പിടിച്ചപ്പോൾ
ആ കണ്ണുകളിൽ തിരതല്ലിയത് അവജ്ഞ നിറഞ്ഞ നോട്ടമായിരുന്നു
കാരണം അത് പട്ടിണിയുടെ വർഷമായിരുന്നു.

* പ്രവാചകൻ മുഹമ്മദ് നബിയെ മുസ്തഫ എന്ന് വിളിച്ചിരുന്നു

** മരണത്തിന്റെ മാലാഖ

***ജീവനെടുക്കാനെത്തുന്ന മാലാഖ 'കുൻ' (ആകു) എന്ന് കൽപ്പിക്കും.
അപ്പോഴേക്കും ജീവൻ പോയിരിക്കും 'കാന' (ആയി) എന്നാണ് വിശ്വാസം.

## പഴയ കുതിരപ്പടയാളിയുടെ സ്വപ്നങ്ങൾ

നാം ഒരു മരത്തിന്റെ ഇരു ശിഖരങ്ങളായിരുന്നുവെങ്കിൽ
സൂര്യൻ നമ്മുടെ സിരകൾക്ക് പോഷകമേകിയേനേ
പ്രഭാതം മഞ്ഞുതുള്ളികൾക്കൊണ്ട് നമ്മെ നനച്ചേനേ
നവയൗവ്വനം നിറഞ്ഞൊരു പച്ചപ്പ്
നമ്മുടെ ഇലകൾക്ക് നിറം നൽകിയേനേ
വളരുമ്പോൾ നമ്മുടെ കൈകൾ പരസ്പരം പുണർന്നേനേ

വസന്തകാലത്ത് നാം സ്വന്തം നിറമാർന്ന വസ്ത്രങ്ങൾ ധരിച്ചേനേ
ശിശിരകാലത്ത് നാം അവ ഊരിമാറ്റി സ്വതന്ത്രരാകും
ശൈത്യകാലത്ത് നഗ്നരായി നീരാട്ടുമ്പോൾ
വാത്സല്യം നമുക്ക് ഊഷ്മളത പകർന്നു നൽകും!

നാം രണ്ട് കടൽത്തിരകളായിരുന്നുവെങ്കിൽ
മണലും കക്കയും കലരാതെ
നുരയും, പ്രകാശവും നമുക്ക് കിരീടമായി മാറിയേനേ
ഒഴുക്ക് നമ്മെ നിയന്ത്രിച്ചേനേ

തൊട്ടിൽ മുതൽ കുഴിമാടം വരേയും
വിരസമായൊരു നൃത്തച്ചുവടിൽ
ലോലമായൊരു മേഘക്കീറ് നമ്മെ ആവരണം ചെയ്യും
പിന്നെ ലോലമായ സ്നേഹസൂര്യന്റെ പുഞ്ചിരിക്കു മുന്നിൽ നാം വീണ്ടും
പെയ്തിറങ്ങും
അപ്പോഴും ഒഴുക്ക് നമ്മെ നിയന്ത്രിക്കും
അവസാനിക്കാത്ത നൃത്തമെന്നോണം
കടലിൽ നിന്നും ആകാശത്തിലേക്ക്
പിന്നെ ആകാശത്തിൽ നിന്നും കടലിലേക്ക്!

നാം രണ്ട് സമീപതാരകങ്ങളായിരുന്നുവെങ്കിൽ
ഒരേ ചക്രവാളത്തിൽ നിന്നും ഉദിച്ചുയർന്നേനേ
ഒരേ മേഘത്തിൽ നിദ്ര പൂണ്ടേനേ
പ്രണയിതാക്കൾക്കും യാത്രികർക്കും വാഗ്ദാനം ലംഘിക്കാത്ത
നിദ്രാവിഹീനർക്കും മാത്രമായി
പ്രണയത്തിന്റേയും സ്നേഹത്തിന്റേയും സങ്കേതത്തിലേക്ക്
നാം പ്രകാശം വർഷിച്ചേനേ.

അതുപോലെ
പിന്നെ കാലം അസ്തമിക്കുമ്പോൾ
പ്രിയേ നമ്മളും അസ്തമിക്കും
നമ്മുടെ സുദീർഘ പ്രണയവും കെട്ടുപോവും
അപ്പോൾ ദൈവംനമുക്ക് പുനരുത്ഥാനം നൽകുക
തന്റെ പൂങ്കാവനത്തിലെ രണ്ടു മുത്തുകളായിട്ടായിരിക്കും
എണ്ണിയാലൊടുങ്ങാത്ത ചരൽക്കല്ലുകൾക്കിടയിൽ
ആ വഴി കടന്നുപോകുന്നൊരു മാലാഖ നമ്മെ കാണും
കുനിഞ്ഞു നോക്കിയാൽ അവന്റെ ദൃഷ്ടി
നമ്മുടെ പരിശുദ്ധിയിൽ ഉടക്കി നിൽക്കും
കൈകൊണ്ട് എടുത്ത് അവൻ നമ്മെ
സ്വന്തം ചിറകുകളിൽ ഉരസുമ്പോൾ
ആ തിളക്കത്തിൽ അതിശയിച്ചുപോകും
പിന്നെ തന്റെ വിശുദ്ധമായ ചെന്നിയിൽ നമ്മെ പ്രതിഷ്ഠിക്കും!

നാം ഒരു കടൽക്കാക്കയുടെ,
കരയിടുക്ക് വിട്ടകലാറേയില്ലാത്ത ഒരു കടൽക്കാക്കയുടെ,
മൃദുവായ ഇരുചിറകുകളായിരുന്നുവെങ്കിൽ

കപ്പൽപ്പായകൾക്ക് മുകളിൽ വട്ടമിട്ട പറക്കുമ്പോൾ
നാവികന്റെ വരവിനെക്കുറിച്ച് സുവിശേഷം അറിയിച്ചേനേ
സുഹൃത്തുക്കൾക്കും നാടിനുമായി ഗൃഹാതുരത്വം ഉണർത്തിയേനേ
ഇളംകാറ്റ് തുണയായേനേ
ദാഹമകറ്റാൻ മേഘങ്ങളുടെ ഈർപ്പംതന്നെ ധാരാളം
പിന്നെ രാത്രി കടലിലെത്തുമ്പോൾ അത് നമ്മേയും ചേർത്തുപിടിക്കും
പുരാതന നൗകയുടെ പായമേലായിരിക്കും നിദ്ര
നാടുവിട്ടകന്നതിൽ ദുഃഖിതരായ നാവികർക്ക്
സന്തോഷം നൽകിക്കൊണ്ട്
അവരാകട്ടെ അതിന്റെ ഭയവും ആശങ്കയും നീക്കാൻ ശ്രമിക്കും
പാട്ടുപാടിയും കവിതകൾ ചൊല്ലിയും
പിന്നെ പുല്ലാങ്കുഴലൂതിയും!

നാം ആയിരുന്നെങ്കിൽ
നാം ആയിരുന്നെങ്കിൽ
നാം ആയിരുന്നെങ്കിൽ
ഈ 'ആയിരുന്നെങ്കിൽ' എത്ര ക്രൂരപദമാണ് പ്രിയേ,
നാം ഈ ഭാഷണം മോഹത്തോടെ ആരംഭിച്ചാൽ,
പക്ഷേ നാം...

ഓ, ഈ 'പക്ഷെ നാം' എത്ര ക്രൂരപദമാണ്
ചുറ്റിപ്പിണഞ്ഞ അക്ഷരങ്ങൾക്കു പറയാനുള്ളത്
മനസ്സുകളിൽ കാലം അവശേഷിപ്പിച്ച കാര്യങ്ങൾ
നാം തള്ളിപ്പറയുന്നതിനെ സംബന്ധിച്ചായിരിക്കും
ഓർമകളെ തമസ്കരിക്കാനാകും നാം കൊതിക്കുക
മറക്കുവാനും
ജീവിതത്തിൻ ഗർഭപാത്രത്തിനുള്ളിലേക്ക്
അതിനെ തിരികെയെത്തിക്കുവാനും
പക്ഷേ പ്രിയേ ഞാനിന്ന് വിറങ്ങലിച്ച അവസ്ഥയിലാണ്
ലോകത്തിന്റെ ഒരു തീരത്തേക്ക് വന്നടിഞ്ഞതുപോലെ
ജ്വരമൂർഛയും ഉച്ഛിഷ്ടവും കാരണം എരിപൊരികൊള്ളുന്ന ലോകം
സൗന്ദര്യം തൊട്ടുതീണ്ടാത്ത ലോകം
അന്ധകാരവും വിഷണ്ണതയും മാത്രം നേടിത്തന്ന ലോകം
യൗവനാരംഭത്തിൽ ഞാൻ ലോകത്തിന്മേൽ പതിച്ചപ്പോൾ
കഴിഞ്ഞുപോയ കാലങ്ങളിൽ

പ്രിയേ, ഞാനൊരു ധീരോദാത്തനായ പോരാളിയും
മനക്കരുത്തുള്ള കുതിരപ്പടയാളിയുമായിരുന്നു

അജ്ഞാതപാദങ്ങൾ എൻഹൃദയം ചവിട്ടിമെതിക്കും മുമ്പ്
സൂര്യനാം കൊട്ടുംകുളിരും ആത്മാഭിമാനത്തെ
ചമ്മട്ടി കൊണ്ടടിക്കുന്നതിനുമുമ്പ്
ഞാനൊരു ശാശ്വത വസന്തത്തിലായിരുന്നു ജീവിച്ചുകൊണ്ടിരുന്നത്
എന്തൊരു വസന്തകാലമായിരുന്നു അത്!
എനിക്ക് കരച്ചിൽ വരുമായിരുന്നു
ദുർബലരായ സാധുക്കളോട് സഹതാപം തോന്നുമ്പോൾ
എന്റെ പീഡിത ഹൃദയത്തിൽനിന്നുമവർക്കായി
ഭക്ഷണം നൽകാനായെങ്കിലെന്ന് കൊതിച്ചുപോകുന്നു
പരിഭ്രമിച്ചവരെ കാണുമ്പോഴെല്ലാം
ഇരുളിൽ അലയുന്നവരെ കാണുമ്പോഴെല്ലാം
അവരുടെ യാതന എന്നെ ദഹിപ്പിച്ചു കളഞ്ഞെങ്കിലെന്ന്
ആശിച്ചുപോകുന്നു
അവർക്കായി പ്രകാശിക്കാനായെങ്കിലെന്ന് ആശിച്ചുപോകുന്നു

ചിരിച്ചപ്പോഴെല്ലാം
ഒരു കൊച്ചരുവിയെപ്പോലെ ശുദ്ധമായിരുന്നു എന്റെ ചിരി
പ്രകാശിക്കുന്ന മുഖം താരകങ്ങളുടെ നിഴലിൽ പ്രതിഫലിക്കുന്നു
പക്ഷെ, ഈ മനക്കരുത്തുള്ള കുതിരപ്പടയാളിക്ക്
എന്താണ് സംഭവിച്ചത്?
അയാളുടെ ഹൃദയം ചകിതം, കടിഞ്ഞാണില്ലാതെ കുതിക്കുന്നു
സ്വപ്നങ്ങളുടെ ചിറകുകൾ ഒടിഞ്ഞിരിക്കുന്നു
നിഷ്കളങ്കമായ കണ്ണുനീർത്തുള്ളികളുടെ പാതയിലേക്ക്
എന്നെ നയിയ്ക്കാനാരുണ്ട്?
നിഷ്കളങ്കമായ ചിരിയലകളുടെ പാതയിലേക്ക്
വഴികാട്ടാനായ് എനിക്കാരുണ്ട്?

സമാധാനമായിരിക്കട്ടെ നിനക്ക്
സമാധാനമായിരിക്കട്ടെ നിനക്ക്

ലോകമെനിയ്ക്കു നൽകിയ അനുഭവവും കഴിവും
ഞാൻ നിനക്ക് നൽകാം
നിഷ്കളങ്കതയുടെ ഒരേയൊരു നാളിനു പകരമെന്നോണം
നീ മാത്രം, പൗരാണിക ധീരോദാത്തതയിലേയ്ക്കെന്നെ

തിരികെ കൊണ്ടുപോകാൻ നിനക്കല്ലാതെ മറ്റാർക്കാണ് സാധിക്കുക?
ഒരു പ്രതിഫലവും പറ്റാതെ
ലാഭനഷ്ടങ്ങളുടെ കണക്കെടുപ്പൊന്നുമില്ലാതെ
പരിശുദ്ധം, പ്രിയേ ഞാൻ നിന്നെ കാണുന്നത് ശ്രദ്ധയായി.
കാലത്തിനപ്പുറത്തേക്ക് നീ വളർന്നു പന്തലിച്ചതുപോലെ.
പക്ഷേ കണ്ടുമുട്ടിയ നാൾ എനിക്ക് മനസ്സിലായി പ്രിയേ
നാം പിരിയേണ്ടവരാണെന്ന്

നിൽക്കാനൊരിടമില്ലാതെ ഞാൻ എഴുന്നേറ്റുതന്നെ നിൽക്കും
നിന്റെ നിർമ്മല പ്രണയം എനിക്ക് പരിശുദ്ധി തിരികെ
നൽകിയില്ലായെങ്കിൽ
പ്രണയം ഒരു മരത്തിന്റെ ഇരു ശിഖരങ്ങളെപ്പോലെയാണെന്ന്
നാം തിരിച്ചറിയും
ഇരുതാരകങ്ങളെപ്പോലെയാണെന്ന്
ഇരട്ടത്തിരകളെപ്പോലെയാണെന്ന്
കടൽക്കാക്കയുടെ മൃദുവായ ഇരുചിറകുകളെപ്പോലെയാണെന്ന്.
പിന്നെ നാം പിരിയുകയേ ഇല്ല
പാതയോരം നമ്മെ തമ്മിൽ ചേർത്തുപിടിക്കും
പാതയോരം നമ്മെ തമ്മിൽ ചേർത്തുപിടിക്കും

## സഉൗദിന്റെ സന്ദേശം

എന്റെ പിന്നാലെ വരുന്ന ഞങ്ങളുടെ പ്രഭോ
താങ്കളെക്കാത്ത് കൊതിയോടെ കാത്തിരിക്കുന്നവർക്കിടയിൽ
ഏറ്റവും ചെറുപ്പമാണെനിക്ക്
പക്ഷേ തൊഴിലില്ലാത്തവനാണ ഞാൻ,
കാരണം ഇപ്പോഴും ജയിലഴികൾക്കുള്ളിലാണ് ഞാൻ
ഭാവിയിലേക്കു നോക്കിയവനെന്ന് കുറ്റം ചുമത്തപ്പെട്ടവൻ
എന്നിട്ടും അങ്ങേക്കൊരു ഹർജി നൽകുന്നു
കർഷകരുടെ
നാവികരുടെ
കൊല്ലന്മാരുടെ
ക്ഷുരകന്മാരുടെ പേരിൽ
കഴുതവണ്ടിക്കാരുടേയും കടലിൽ പണിയെടുക്കുന്നവരുടേയും പേരിൽ
തൊഴിലാളികളുടേയും വ്യവസായികളുടെയും പേരിൽ
സഭാ നേതൃത്വം, ഗ്രമസ്ഥന്മാർ,

ചുമട്ടുകാർ, പലചരക്കുകടക്കാർ,
കവികൾ,
ദ്വാരപാലകർ,
പിരമിഡുകൾ,
ബാസ് അൽനസ്വർ,
ഖനാത്വിർ ഖൈരിയ്യ,
അബ്ദുല്ല നദീം,
തൗഫീഖ് അൽ ഹകീം,
ഷജറത്ത് അൽ ദുർ, മരിച്ചവരുടെ പുസ്തകം,
ബിലാദീ, ബിലാദീ എന്ന ദേശീയഗീതം
എല്ലാത്തിന്റെയും എല്ലാവരുടെയും പേരിൽ
ഒന്നു വേഗത്തിൽ അങ്ങു വന്നണയണേയെന്ന്
യാചിക്കുകയാണ് ഞങ്ങൾ
കാരണം ക്ഷമ നശിച്ച് നിരാശ പടർന്നിരിക്കുകയാണ്
ഇപ്പോഴെത്തിയാൽ ഞങ്ങളെ രക്ഷിക്കാം
അല്ലെങ്കിൽ അങ്ങേയ്ക്ക് ഒരിക്കലും അതിനാവുകയില്ല.

പിൻവാചകം: സ്വന്തം ഖഡ്ഗം കൈയ്യിൽ കരുതാൻ
മറക്കാതിരിക്കുക

സഈദ് എന്നവാക്കിന് സന്തുഷ്ടൻ
ബാസ് അൽനസ്വർ: ഈജിപ്ഷ്യൻ തലസ്ഥാനമായ കെയ്റോയിലെ വിഖ്യാതമായ മൂന്ന് പൗരാണിക കോട്ടവാതിലുകളിലൊന്ന്
ഖനാത്വിർ ഖൈരിയ്യ: 'കാരുണ്യത്തിന്റെ പാലങ്ങൾ' എന്നർഥമുള്ള ഈജിപ്പിലെ ഖൽയൂബിയ പ്രവിശ്യയിലെ ഒരു സ്ഥലം. നൈൽ നദിക്കു കുറുകെ പണിത ആദ്യത്തെ ആധുനിക ജലസേചന പദ്ധതിയുടെ പേരിൽ പ്രശസ്തമായി
അബ്ദുല്ല നദീം: ഈജിപ്പിലെ ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ നടന്ന ഉറാബി വിപ്ലവനായകരിൽ ഒരാളായ പ്രശസ്ത പ്രഭാഷകനും എഴുത്തുകാരനും (1842 1896).
തൗഫീഖ് അൽ ഹകീം: അറബി നാടകകലയുടെ കുലപതിയായി അറിയപ്പെട്ടന്ന ഈജിപ്ഷ്യൻ നാടകകൃത്ത് (1898 1987)
ഷജറത്ത് അൽ ദുർ: ഈജിപ്പിൽ അധികാരത്തിലെത്തിയ ആദ്യത്തെ മുസ്ലീം വനിത. കുരിശുയുദ്ധകാലത്ത് ജീവിച്ചിരുന്നു. മരണം 1257.
മരിച്ചവരുടെ പുസ്തകം: പിരമിഡ് യുഗത്തിലെ ആഭിചാര മന്ത്രങ്ങളുടെ പുസ്തകമായിരുന്നു, Book of the Dead
ബിലാദീ, ബിലാദീ: ഈജിപ്പിന്റെ ദേശീയഗാനം

## ശൈത്യത്തിനായൊരു ഗീതം

ഇക്കൊല്ലത്തെ ശൈത്യകാലം എന്നോടു പറയുന്നത്
ഞാൻ ഒറ്റയ്ക്ക് മരിച്ചുപോകുമെന്നാണ്
ഇതുപോലൊരു ശൈത്യകാലം, ഒരു ശൈത്യകാലം.

സായാഹ്നം എന്നോടു പറഞ്ഞത് ഞാൻ ഒറ്റയ്ക്ക് മരിച്ചുപോകുമെന്നാണ്
ഇതുപോലൊരു സായാഹ്നം, ഒരു സായാഹ്നം.

എന്റെ കഴിഞ്ഞുപോയ വർഷങ്ങളൊക്കെ പാഴായിരുന്നുവെന്ന്
ഞാനൊരു നഗ്നമായ ലോകത്തിലാണ് നിലകൊള്ളുന്നതെന്ന്

ഇക്കൊല്ലത്തെ ശൈത്യകാലം എന്നോടു പറയുന്നത്
എന്റെ മനസ്സ് തണുത്തുവിറയ്ക്കുന്നുവെന്നാണ്
ഇക്കഴിഞ്ഞ ശിശിരകാലം മുതലേ തന്നെ
എന്റെ ഹൃദയം മരിച്ചുപോയെന്ന്
മരങ്ങളിൽനിന്നുകൊഴിഞ്ഞ ആദ്യത്തെ ഇലകളോടൊപ്പം
എന്റെ ഹൃദയവും വിവർണ്ണമായെന്ന്
ആദ്യമഴത്തുള്ളികൾക്കൊപ്പംതന്നെ
അതും ഉതിർന്നു വീഴാൻ തുടങ്ങിയെന്ന്
മരംകോച്ചുന്ന ഓരോ രാവും അതിനെ
കൂടുതൽ ആഴത്തിലേക്കു തള്ളിക്കയറ്റുന്നതായി
ശിലയുടെ അകക്കാമ്പിലേക്ക്
ഇനി വേനലിന്റെ ഊഷ്മളത കടന്നുവന്ന്
അതിനെ ഉണർത്താൻ ശ്രമിച്ചാലും
മഞ്ഞുപാളികൾക്കിടയിലൂടെ പനിനീർപ്പൂക്കൾ പിടിച്ച
തന്റെ കൈ നീട്ടാൻ പോകുന്നില്ല

ഇക്കൊല്ലത്തെ ശൈത്യകാലം എന്നോടു പറയുന്നത്
എന്റെ രൂപം രോഗാതുരമാണെന്നാണ്
നിശ്വാസങ്ങൾ നിറയെ മുള്ളുകളാണെന്ന്
അവക്കിടയിലേക്കു വെയ്ക്കുന്ന ഓരോ ചുവടുവെപ്പും
അപകടകരമാണെന്ന്
ഒരു കാൽവെപ്പ് കഴിഞ്ഞ് മറ്റേതിനുള്ളിൽ ഞാൻ മരിച്ചുപോകുമെന്ന്

ഈ കുത്തൊഴുക്കു നിറഞ്ഞ നഗരത്തിരക്കുകൾക്കിടയിൽ
ഒരാളും തിരിച്ചറിയാനില്ലാതെ ഞാൻ മരിയ്ക്കും
ഒരാളും കരയാനില്ലാതെ ഞാൻ മരിയ്ക്കും

അന്തിവർത്തമാനക്കൂട്ടങ്ങൾക്കിടയിൽ സുഹൃത്തുക്കളോട്
ആരെങ്കിലും പറഞ്ഞേക്കാം
ഇവിടെയായിരുന്നു അയാൾ ഇരിക്കാറുണ്ടായിരുന്നത്,
എന്നാലിപ്പോൾ അയാൾ യാത്രയായിരിക്കുന്നു
അരങ്ങൊഴിഞ്ഞവർക്കൊപ്പം
ദൈവം ആത്മശാന്തി നൽകട്ടെ അയാൾക്ക്

ഇക്കൊല്ലത്തെ ശൈത്യകാലം എന്നോടു പറയുന്നത്
ഔഷധമായിരിക്കുമെന്ന് ഞാനെന്തിനെയാണോ
കരുതിയത് അത് വിഷമായിരുന്നെന്ന്.
ഈ കവിത പിടിച്ചുകലുക്കുമ്പോൾതന്നെ
എന്നെ പടുകുഴിയിലാഴ്ത്തുകയും ചെയ്തിരിക്കുന്നു
ഈ മുറിവുണ്ടായിട്ട് കാലമെത്ര കഴിഞ്ഞിരിക്കുന്നു എന്നെനിക്കറിയില്ല
എന്നിട്ടും എന്റെ ശിരസ്സിൽനിന്നും രക്തമൊലിച്ചുകൊണ്ടേയിരിക്കുന്നു
എന്റേത് തകർച്ചയുടെ കവിത
ഞാൻ നിർമ്മിച്ചതൊക്കെ തകർത്തെറിയേണ്ടിവന്നു, അതിനായി.
ഞാൻ ബഹിഷ്കൃതനായിരിക്കുന്നു, അതിനായി.
ക്രൂശിതനും.

തൂങ്ങിയാടുമ്പോൾ തണുപ്പും ഇരുളും മിന്നലുമെന്നെ ഭീതിയിലാഴ്ത്തുന്നു
കേണപേക്ഷിച്ചിട്ടും എനിക്കൊരു മറുപടിമാത്രം ലഭിച്ചില്ല
എല്ലാം നഷ്ടമായെന്ന് അറിയുകയായിരുന്നു ഞാനപ്പോൾ.

ഇക്കൊല്ലത്തെ ശൈത്യകാലം എന്നോടു പറയുന്നത്
ശീതകാലത്ത് ജീവിച്ചിരിക്കാനായി വേനലിൽനിന്ന്
ചൂടും ഓർമകളും ശേഖരിക്കണമെന്ന്.
പക്ഷേ ശിശിരകാലത്തുടക്കത്തിലേ
ഞാൻ,
എന്റെ ധാന്യങ്ങൾ,
ഗോതമ്പ്, വിത്തുകൾ
എല്ലാം ചിതറിപ്പോയിക്കഴിഞ്ഞിരുന്നു
അപ്പോഴിത് എനിക്കുള്ള ശിക്ഷയാണ്

ശൈത്യകാലം എന്നോടു പറയും
ഇതുപോലൊരു കാലത്ത്
ഞാൻ ഒറ്റയ്ക്ക് മരിച്ചുപോകുമെന്ന്

# തിളനില



ഋതം 2 മഞ്ഞ് 2017

**കവിത**

അമ്മു ദീപ

സി. പഴനിയപ്പൻ

ഡി. അനിൽകുമാർ

രാഗേഷ് ദിപ്പ

കെ രാജൻ

എം.പി. പ്രതീഷ്

ഒ. അരുൺകുമാർ

ബിജു കാഞ്ഞങ്ങാട്

സുജിത്കുമാർ

എൻ.ജി. ഉണ്ണികൃഷ്ണൻ

**പരിഭാഷ**

**കവി, കവിത, കാവ്യസങ്കല്പം**

സച്ചിദാനന്ദൻ/എക്സ്.ജെ. കെന്നഡി

കെ.ജി.എസ്സിന്റെ
കവിതാവിവർത്തനങ്ങൾ

മനോജ് കുറൂർ

സ്വലാഹ് അബ്ദ് അൽ സ്വബൂർ/
എൻ. ഷാനാദ്

ഇടശ്ശേരി/അച്യുതൻ വി.ആർ.

**കാവ്യജീവിതം**

ജോർജ്ജ് തോമസ്

പി.കെ. സതീഷ് വർമ്മ

**ചിത്രകാരന്റെ കവിത**

ജോർജ്ജ്

ഡോ. ആർ.ഐ. പ്രശാന്ത്

**വീണ്ടെടുപ്പ്**

ടി.ആർ. ശ്രീനിവാസ്

**കവിത ജീവിതത്തിൽ**

സി.രാജഗോപാലൻ

**വിട**

കാവാലം

കുറുവാന്തൊടി ബാലചന്ദ്രൻ

ടി. വിനോദ്

**പുസ്തകസമീക്ഷ**

ബിനീഷ് പുതുപ്പണം

creative commons

CC BY

വില: ₹200/-